©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 10** Vol. X | **തിരുവനന്തപുരം, ബുധൻ** Thiruvananthapuram, Wednesday | **2021 ആഗസ്റ്റ് 25** 25th August 2021 **1197 ചിങ്ങം 9** 9th Chingam 1197 **1943 ഭാദ്രം 3** 3rd Bhadra 1943 | **നമ്പർ** No. | **2485** |

### കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 25746/ലെഗ്.സി2/2018/നിയമം.

*തിരുവനന്തപുരം, 2021 ആഗസ്റ്റ് 24*
*1197 ചിങ്ങം 8*
*1943 ഭാദ്രം 2.*

2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 132-ാം നമ്പർ ഓർഡിനൻസ്

2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി
(ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും

ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2020-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 28) 2020 ഏപ്രിൽ 20-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ആഗസ്റ്റ് 24-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2020-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2020-ലെ 66) 2020 സെപ്റ്റംബർ 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2020 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 3) 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 74) 2021 ജൂലൈ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം പ്രസ്തുത ഓർഡിനൻസിന് 2021 സെപ്റ്റംബർ 2-ാം തീയതി പ്രാബല്യം ഇല്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്ന പക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2020 ഏപ്രിൽ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1994-ലെ 16-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത് 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്റ്റിന് (1994-ലെ 16) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 7-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഓരോ തയ്യൽ തൊഴിലാളിയും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം അൻപത് രൂപ വീതവും, ഓരോ തൊഴിലുടമയും, അയാൾ നിയോഗിച്ചിട്ടുള്ള ഓരോ തയ്യൽ തൊഴിലാളിയെ സംബന്ധിച്ചും, പ്രതിമാസം ഇരുപത്തിയഞ്ച് രൂപ വീതവും നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്.";

(2) (2)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ഓരോ തൊഴിലുടമയും താൻ നിയോഗിച്ചിട്ടുള്ള ഓരോ തയ്യൽ തൊഴിലാളിയെയും സംബന്ധിച്ച് പ്രതിമാസം അംശദായമായി നൽകേണ്ട തുകയോടൊപ്പം തൊഴിലാളിയുടെ അംശദായ തുകയും ചേർത്ത് എഴുപത്തിയഞ്ച് രൂപയായി നിധിയിലേക്ക് അടയ്ക്കേണ്ടതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, തൊഴിലുടമയുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾ അവരുടെ അംശദായം സ്വയം ഒടുക്കാൻ തയ്യാറാണെങ്കിൽ അംശദായം സ്വയം ഒടുക്കാവുന്നതാണ്. ഇത്തരത്തിലുള്ള തൊഴിലാളിയുടെ കാര്യത്തിൽ തൊഴിലുടമാവിഹിതം മാത്രം തൊഴിലുടമ ഒടുക്കിയാൽ മതിയാകുന്നതാണ്.”.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 74) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,
*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-C) Department**

NOTIFICATION

No. 25746/Leg. C2/2018/Law. *Dated, Thiruvananthapuram, 24th August, 2021*
*8th Chingam, 1197*
*2nd Bhadra, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Tailoring Workers' Welfare Fund (Amendment) Ordinance, 2021 (132 of 2021).

By order of the Governor,

V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

# ORDINANCE No. 132 OF 2021

## THE KERALA TAILORING WORKERS' WELFARE FUND (AMENDMENT) ORDINANCE, 2021

Promulgated by the Governor of Kerala in the Seventy-second Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Tailoring Workers' Welfare Fund Act, 1994.*

*Preamble.*—WHEREAS, the Kerala Tailoring Workers' Welfare Fund (Amendment) Ordinance, 2020 (28 of 2020) was promulgated by the Governor of Kerala on the 20th day of April, 2020;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala during its session convened on the 24th day of August, 2020;

AND WHEREAS, in order to keep alive the provisions of the said Ordinance, the Kerala Tailoring Workers' Welfare Fund (Amendment) Ordinance, 2020 (66 of 2020) was promulgated by the Governor of Kerala on the 26th day of September, 2020;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala, during its session which convened on the 31st day of December, 2020 and during its session which commenced on the 8th day of January, 2021 and ended on the 22nd day of January, 2021;

AND WHEREAS, in order to keep alive the provisions of the said Ordinance, the Kerala Tailoring Workers' Welfare Fund (Amendment) Ordinance, 2021 (3 of 2021) was promulgated by the Governor of Kerala on the 9th day of February, 2021;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala, during its session which commenced on the 24th day of May, 2021 and ended on the 10th day of June, 2021;

AND WHEREAS, in order to keep alive the provisions of the said Ordinance, the Kerala Tailoring Workers' Welfare Fund (Amendment) Ordinance, 2021 (74 of 2021) was promulgated by the Governor of Kerala on the 1st day of July, 2021;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala, during its session which commenced on the 22nd day of July, 2021 and ended on the 13th day of August, 2021;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India the said Ordinance will cease to operate on the 2nd day of September, 2021;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Tailoring Workers' Welfare Fund (Amendment) Ordinance, 2021.

(2) It shall be deemed to have come into force on the 21st day of April, 2020.

2. *Act 16 of 1994 to be temporarily amended.*—During the period of operation of this Ordinance, the Kerala Tailoring Workers' Welfare Fund Act, 1994 (16 of 1994) (hereinafter referred to as the principal Act) shall have effect subject to the amendments specified in section 3 .

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. *Amendment of section 7.*—In the principal Act, in section 7,—

(1) for sub-section (1), the following sub-section shall be substituted, namely:—

"(1) Every tailoring worker and every self employed person shall contribute to the Fund fifty rupees each per month and every employer, in respect of each tailoring worker engaged by him, shall contribute twenty five rupees per month.";

(2) for sub-section (2), the following sub-section shall be substituted, namely:—

"(2) Every employer shall, along with the amount of monthly contribution in respect of each tailoring worker engaged by him, pay to the Fund seventy five rupees including the amount of the worker's contribution:

Provided that, workers employed by the employer may remit the contribution by themselves, if they are prepared to remit it by themselves. In the case of such workers, it is sufficient for the employer to pay, employer's contribution only.".

4. *Repeal and saving.*—(1) The Kerala Tailoring Workers' Welfare Fund (Amendment) Ordinance, 2021 (74 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act, as amended by this Ordinance.

ARIF MOHAMMED KHAN,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.08.25 09:04:21 +05:30